**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2727** **12.03.2018 ൽ മറുപടിയ്ക്ക്**

## പുറമ്പോക്ക് ഭൂമി അളന്ന് കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ നടപടി

**ചോദ്യം**

**ശ്രീ.ആന്റണി ജോൺ**

**മറുപടി**

**ശ്രീ.ഇ. ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)**

| | | |
|---|---|---|
| (എ) | പെരുമ്പാവൂർ എം.സി. റോഡിലെ വല്ലം, കുറുപ്പംപടി-പാണംകുഴി റോഡിലെ വേങ്ങൂർ പള്ളിത്താഴം എന്നീ കവലകളിലെ പുറമ്പോക്ക് അളന്ന് തിരിക്കുന്നതിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | (എ) പെരുമ്പാവൂർ എം.സി. റോഡിലെ വല്ലം, കുറുപ്പംപടി-പാണംകുഴി റോഡിലെ വേങ്ങൂർ പള്ളിത്താഴം എന്നീ കവലകളിൽ പുറമ്പോക്ക് അളന്നു തിരിക്കുന്നതിന്റെ ഭാഗമായി താലൂക്ക് സർവേയർ ഫീൽഡ് പരിശോധന നടത്തിയിട്ടുള്ളതും, പരിശോധന വേളയിൽ കൂടുതൽ രേഖകൾ ആവശ്യമായതിനാൽ ആയവ ശേഖരിച്ച് ഉടൻ തിട്ടപ്പെടുത്തി കയ്യേറ്റങ്ങൾ ഉണ്ടെങ്കിൽ ഒഴിപ്പിക്കുന്നതുമാണ്. |
| (ബി) | പ്രസ്തുത കവലകളിലെ പുറമ്പോക്ക് അളന്ന് കയ്യേറ്റങ്ങൾ ഒഴിപ്പിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) താലൂക്ക് സർവെയർമാരുടെ അപര്യാപ്തത മൂലമാണ് കയ്യേറ്റങ്ങൾ അളന്നുതിട്ടപ്പെടുത്തുന്ന നടപടി സമയബന്ധിതമായി തീർക്കാൻ സാധിക്കാത്തത് |
| (സി) | വല്ലം, വേങ്ങൂർ കവലകളിലെ പുറമ്പോക്ക് കണ്ടെത്തി ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെട്ട പ്രകാരമുള്ള നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ; | (സി) പൊതുമരാമത്ത് വകുപ്പിന്റെ ആവശ്യപ്രകാരമുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | വല്ലം, വേങ്ങൂർ കവലകൾ അളന്നുതിരിക്കൽ സമയബന്ധിതമായി പൂർത്തിയാക്കുമോ;വ്യക്തമാക്കാമോ? | (ഡി) നടപടി ഉടൻ പൂർത്തിയാക്കുന്നതിനു താലൂക്ക് സർവെയർക്കു നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ